**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 803** **06-12-2022 - ൽ മറുപടിയ്ക്ക്**

**കേപ്പിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന്റെ പ്രവർത്തനങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (എ) | തൊഴിൽ സാധ്യതയുള്ള കോഴ്സുകൾ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി ആരംഭിച്ച കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (കേപ്പ്) സാങ്കേതിക വിദ്യാഭ്യാസത്തിനാണ് ഊന്നൽ നൽകിയത്. എഞ്ചിനീയറിംഗ് മേഖലയിൽ തൊഴിൽ ലഭ്യതയിൽ ഇടിവ് വന്നത് മൂലം എഞ്ചിനീയറിംഗ് വിദ്യാഭ്യാസ മേഖല വലിയ തോതിലുള്ള വെല്ലുവിളി നേരിട്ടു കൊണ്ടിരിക്കുകയാണ്. അതിന്റെ ഫലമായി കേപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലും അഡ്മിഷൻ കുറയുകയും സാമ്പത്തിക വിഷമതകൾ നേരിടുകയും ചെയ്തുവരുന്നു.<br><br>കാലോചിതമായ പരിഷ്കരണത്തിന്റെ ഭാഗമായി പരമ്പരാഗതവും പുതുതലമുറയിൽപ്പെട്ടതുമായ ത്രിവത്സര ഡിപ്ലോമ കോഴ്സുകൾ വിവിധ എഞ്ചിനീയറിംഗ് കോളേജുകളിൽ ആരംഭിച്ചിട്ടുണ്ട്.<br><br>മാനേജ്മെന്റ് കോഴ്സുകൾ വിപുലപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ കോഴ്സുകൾ ആരംഭിക്കുന്നതും എം.സി.എ കോഴ്സ് വ്യാപിപ്പിക്കുന്നതും പരിശോധിച്ച് വരുകയാണ്.<br><br>പുന്നപ്രയിലെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മേക്കിംഗ് ദി ബെസ്റ്റ് (കിംമ്പ്) എന്ന സ്ഥാപനം കൂടുതൽ കർമ്മോന്മുഖമാക്കുക എന്ന ലക്ഷ്യത്തോടെ നൈപുണ്യ - വിവര വികസന കേന്ദ്രമായി (Skill and Knowledge Development Centre) പുനർക്രമീകരിച്ചിട്ടുണ്ട്. |
| (ബി) | കേപ്പിന് കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ തൊഴിൽ സാധ്യതയുള്ള പുതു തലമുറ കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | 2021-22-ൽ വടകര, പുന്നപ്ര, പത്തനാപുരം, ആറൻമുള എന്നീ എഞ്ചിനീയറിംഗ് കോളേജുകളിൽ 6 മൂന്നു വർഷ ഡിപ്ലോമ കോഴ്സുകളും 2022-23-ൽ പത്തനാപുരം, ആറൻമുള എന്നീ എഞ്ചിനീയറിംഗ് കോളേജുകളിൽ 2 വീതം ഡിപ്ലോമ കോഴ്സുകളും ആരംഭിച്ചിട്ടുണ്ട്. SKDC-യുടെ ഭാഗമായി |

| | | | |
|---|---|---|---|
| | | | ഇന്നൊവേഷൻ ആന്റ് ഇൻകൂബേഷൻ ലാബ് ആരംഭിക്കുന്നതിന് 1.80 കോടി രൂപയുടെ നിർദ്ദേശം സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ